# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ :ടിആർ2-023375/2008

മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്
തിരുവനന്തപുരം, തീയതി: 18.07.2013

<u>മെമ്മോറാണ്ടം</u>

വിഷയം: പ്രൈവറ്റ് ഹയർ വ്യവസ്ഥയിൽ വിവിധ ആവശ്യങ്ങൾക്ക് കെ.എസ്.ആർ.ടി.സി ബസ് വാടകയ്ക്ക് നൽകുമ്പോൾ 12.36 ശതമാനം സേവന നികുതി കൂടി ഈടാക്കണമെന്ന് ഉത്തരവാകുന്നത് സംബന്ധിച്ച്-

സൂചന : ടാക്സ് സെല്ലിൽ നിന്നുള്ള 08.07.2013ലെ T.C.1/006155/2013 നമ്പർ കുറിപ്പ്.

കെ.എസ്.ആർ.ടി.സി വിവിധ ആവശ്യങ്ങൾക്കായി(വിവാഹം, വിനോദ സഞ്ചാരം, ഷൂട്ടിംഗ് തുടങ്ങിയവ) ബസ് (ഡബിൾ ഡക്കർ, ജൻറം എന്നിവ ഉൾപ്പടെ) പ്രൈവറ്റ് ഹയർ വ്യവസ്ഥയിൽ അനുവദിച്ച് വരികയാണ്. ഈ ഇനത്തിൽ ലഭിക്കുന്ന വാടകയിന്മേലുള്ള സേവന നികുതി ഇതുവരെയും ഈടാക്കിയിരുന്നില്ല. എന്നാൽ പ്രൈവറ്റ് ഹയർ വ്യവസ്ഥയിൽ ബസ് വാടകയ്ക്ക് നൽകുമ്പോൾ സേവന നികുതി ഈടാക്കണമെന്ന സെൻട്രൽ എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ ആവശ്യം കെ.എസ്.ആർ.ടി.സി വിശദമായി പരിശോധിക്കുകയും തുടർന്ന് 12.36 ശതമാനം സേവന നികുതി (Service Tax) വാടകക്ക് പുറമെ ഈടാക്കുവാൻ തീരുമാനിച്ചിരിക്കുകയുമാണ്. ആയതിനാൽ ഇനി മുതൽ പ്രൈവറ്റ് ഹയർ വ്യവസ്ഥയിൽ ഏത് ആവശ്യത്തിന് ബസ് അനുവദിച്ചാലും അതിൽ നിന്നും ലഭിക്കുന്ന വാടകയിന്മേൽ 12.36 ശതമാനം സേവന നികുതി വാടകക്ക് പുറമെ ഈടാക്കേണ്ടതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, മറ്റ് ഇതര സ്ഥാപനങ്ങൾക്കും പ്രൈവറ്റ് ഹയർ വ്യവസ്ഥയിൽ നൽകിയിരിക്കുന്ന വാഹനങ്ങളിൽ നിന്നും ലഭിക്കുന്ന വാടകയിന്മേലും സേവന നികുതി ഈടാക്കേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങൾ വാടക തുക മുൻകൂറായി അടയ്ക്കുന്നതിനാൽ ആഗസ്റ്റ് മാസത്തെ വാടക തുക അടക്കുമ്പോൾ അതിന്മേൽ സേവന നികുതിയും വാടകയോടൊപ്പം ഈടാക്കേണ്ടതാണ്. വാടകയോടൊപ്പം സേവന നികുതിയും ഇനി മുതൽ അടക്കണമെന്ന വിവരം ബന്ധപ്പെട്ട യൂണിറ്റധികാരികൾ ബന്ധപ്പെട്ട സ്ഥാപനങ്ങളെ അടിയന്തിരമായി അറിയിക്കേണ്ടതുമാണ്.

സേവന നികുതി ഇനത്തിൽ ലഭിക്കുന്ന തുക "530A" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ തന്നെ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ

എല്ലാ യൂണിറ്റധികാരികൾക്കും
എല്ലാ മേഖലാ അധികാരികൾക്കും
ജൻറം സർവ്വീസിന്റെ ചുമതലയുള്ള സി.റ്റി.ഒ, തിരുവനന്തപുരം മേഖല
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ജനറൽ സെക്ഷൻ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ബഡ്ജറ്റ് സെക്ഷൻ
ആഡിറ്റ് ഓഫീസർ, ബുക്ക് സെക്ഷൻ
ചീഫ് ഓഫീസിലെ ഇതര സെക്ഷനുകൾക്കും
സ്റ്റോക്ക് ഫയൽ, ഫയൽ